**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5154** **02-11-2021 - ൽ മറുപടിയ്ക്ക്**

**കോളേജുകളിലെ കോവിഡ് പ്രോട്ടോക്കോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡാനന്തരം കോളേജുകൾ തുറന്ന് പ്രവർത്തിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ സയൻസ് വിഷയങ്ങളിലെ പ്രാക്ടിക്കൽ ക്ലാസുകളിൽ കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വെളിപ്പെടുത്തുമോ; | (എ) | കോവിഡാനന്തരം കോളേജുകൾ തുറന്ന് പ്രവർത്തിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ സയൻസ് വിഷയങ്ങളിലെ പ്രാക്ടിക്കൽ ക്ലാസുകളിൽ കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ക്ലാസ് റൂമുകൾ, ലബോറട്ടറി തുടങ്ങിയവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ പ്രവർത്തകരുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ അണുവിമുക്തമാക്കുന്നതിന് എല്ലാ സ്ഥാപന മേധാവികൾക്കും 17.09.2021 -ലെ സ.ഉ.(സാധാ)നം.1228/2021/ഉ.വി.വ. ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി അദ്ധ്യാപ കരടങ്ങിയ കോവിഡ് ജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | കോളേജ് ലൈബ്രറി, ലബോറട്ടറികൾ എന്നിവയിൽ കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദ വിവരം നൽകാമോ; | (ബി) | 17.09.2021 -ലെ സ.ഉ.(സാധാ)നം.1228/ 2021/ ഉ.വി.വ. ഉത്തരവ് പ്രകാരം കോളേജ് ലൈബ്രറി, ലബോറട്ടറികൾ, എന്നിവിടങ്ങളിൽ ആവശ്യാനുസരണം ഹാന്റ് വാഷ്,സാനിറ്റൈസർ തുടങ്ങിയവയുടെ ലഭ്യത, വിദ്യാർത്ഥികളെ ബാച്ചുകളായി പ്രവേശിപ്പിക്കുന്നതിനുള്ള നടപടി, വിദ്യാർത്ഥികൾ കൂട്ടം കൂടുന്നില്ല, സാമൂഹിക അകലം ലംഘിക്കുന്നില്ല എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം സ്ഥാപന മേധാവികൾക്ക് നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി അദ്ധ്യാപകരടങ്ങിയ കോവിഡ് ജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | കോവിഡ് പ്രോട്ടോക്കോൾ പാലനത്തിനായി ഓരോ കോളേജിനും പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സാനിറ്റൈസറും മുഖാവരണങ്ങളും ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | ഇല്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് ക്ലാസുകൾ നടത്തുന്നതിനുള്ള ചിലവുകൾ സ്ഥാപന വികസനത്തിനായിട്ടുള്ള പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി സർക്കാർ അനുവദിച്ചിട്ടുള്ള നോൺ പ്ലാൻ 34(OC) ഫണ്ടിൽ നിന്നും മറ്റുള്ള സ്ഥാപനങ്ങളിൽ അവർക്ക് അനുവദിച്ചിട്ടുള്ള വിവിധ |

| | | | |
|---|---|---|---|
| | | | ഫണ്ടുകളിൽ നിന്നും വകയിരുത്തി സാനിറ്റൈസർ, മുഖാവരണം, കയ്യുറ ഇവ വാങ്ങി ഉപയോഗിച്ചുവരുന്നു. |
| (ഡി) | ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും വാക്സിനേഷനായി സ്വീകരിച്ചിട്ടുള്ള സജ്ജീകരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഡി) | വിദ്യാർത്ഥികൾക്കും, ജീവനക്കാർക്കും, സൗജന്യ വാക്സിൻ നൽകുന്നതിന് സ്ഥാപന തലത്തിൽ സ്പെഷ്യൽ ഡ്രൈവ് നടത്തി ആരോഗ്യ വിഭാഗവും, ജില്ലാ മെഡിക്കൽ ഓഫീസുമായി ബന്ധപ്പെട്ടുകൊണ്ട് പ്രത്യേക ക്യാമ്പുകൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് എല്ലാ സ്ഥാപന മേധാവികൾക്കും 17.09.2021 -ലെ സ.ഉ (സാധാ)നം.1228/2021/ഉ.വി.വ. ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ കോളേജുകളിലെ 80% വിദ്യാർഥികൾക്കും, എയ്ഡഡ് കോളേജു കളിലെ 81% വിദ്യാർത്ഥികൾക്കും, സർക്കാർ കോളേജിലെ 87% അദ്ധ്യാപകർക്കും, എയ്ഡഡ് കോളേജിലെ 76% അദ്ധ്യാപകർക്കും വാക്സിനേഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ